# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2873 20.03.2015 ൽ മറുപടിയ്ക്ക്

## വിപണി ഇടപെടൽ പദ്ധതി

ചോദ്യം

**ശ്രീ.കെ.ശിവദാസൻ നായർ**
**,, ടി.എൻ. പ്രതാപൻ**
**,, സി.പി.മുഹമ്മദ്**
**,, സണ്ണി ജോസഫ്.**

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണി ഇടപെടൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) (ബി) & (സി) | വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഫലപ്രദമായ വിപണിയിടപെടൽ പദ്ധതിയ്ക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>(1). നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.<br>2) പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട അരി, ജയ അരി, കുറുവ അരി എന്നിവ) കി. ഗ്രാമിന് 25 രൂപ നിരക്കിലും, പച്ചരി 23 രൂപ നിരക്കിലും പ്രതിമാസം കാർഡ് ഒന്നിന് 10 കി. ഗ്രാം വീതം വിതരണം ചെയ്തു വരുന്നു.<br>3). കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി /തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചു വരുന്നു.<br>4). യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.<br>5). ഗോതമ്പു പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, |
| (ബി) | എന്തെല്ലാം സാധനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ വിതരണം ചെയ്യാനുദ്ദേശിക്കുന്നത് ; | | |
| (സി) | ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വില നിരക്കിൽ നൽകാൻ പ്രസ്തുത പദ്ധതിയിലൂടെ സൗകര്യമൊരുക്കുമോ ? | | |

| | | | |
|---|---|---|---|
| | | | റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.<br>6). അരിയും, പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 10% മുതൽ 20% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.<br>7). പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.<br>8). ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.<br>9). സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത 50 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>10). ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനയ്ക്ക് വയ്ക്കുന്നത്.<br>11) എല്ലാ അദ്ധ്യയനവർഷാരംഭങ്ങളിലും വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ട് ബുക്ക്, പെൻസിൽ, പേന, ഇൻസ്ട്രുമെന്റ് ബോക്സ്, ബാഗുകൾ, കുടകൾ തുടങ്ങിയ എല്ലാ പഠനോപകരണങ്ങളും ശരാശരി 20% വിലക്കുറവിൽ ലഭ്യമാക്കി വരുന്നു..<br>12) കൂടാതെ പൊതുവിപണശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 97 ചില്ലറ മാവേലി മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളോ ജീവൻ രക്ഷാ മരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസം എത്തിക്കുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.<br>ഇത്തരത്തിൽ വിപണിയിൽ ഫലപ്രദമായി ഇടപെട്ട് ഗുണമേൻമയുള്ള ഉൽപന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് പൊതുവിപണിയിൽ എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്. മേൽ വിവരിച്ച നടപടികൾ പൊതു വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിന് വളരെ സഹായകരമാണ്. |

സെക്ഷൻ ഓഫീസർ